## പ്രവർത്തന റിപ്പോർട്ട് (8.01.2018 to 19.01.2018)

08.01.2018 ലെ സ്റ്റേറ്റ് കൗൺസിൽ തീരുമാന പ്രകാരം ശ്രീ.കെ.സി. രാജൻ ജനറൽ സെക്രട്ടറിയുടെ ചർജ് ഏറ്റെടുത്തു. NCCOEE യുടെ സംയുക്ത യോഗത്തിൽ നമ്മുടെ സംഘടന പങ്കെടുക്കാത്തതിനു കാരണം ബന്ധപ്പെട്ടവരെ അറിയിച്ചു. 20.01.2018 ൽ വർക്കിംഗ് കമ്മിറ്റി നടത്തുന്നതിലേയ്ക്കുള്ള അറിയിപ്പ് എല്ലാവർക്കും നൽകി.

തിരുവനന്തപുരം വർക്കിംഗ് പ്രസിഡന്റ് ശ്രീ.അജിത് കുമാറിന് നെടുമങ്ങാട് ഡിവിഷനിൽ നിന്നും തിരുവനന്തപുരം ഡിവിഷനിലേക്ക് ട്രാൻസ്ഫർ ഉത്തരവ് ലഭിച്ചു. എന്നാൽ മേൽ ഉത്തരവ് തടവുവാൻ സംസ്ഥാന ട്രഷററും തിരുവനന്തപുരം ജില്ലാ സെക്രട്ടറിയും ശ്രമിച്ചുവെന്ന് മാത്രമല്ല അജിത് കുമാറിന് തിരുവനന്തപുരം ഡിവിഷനിൽ കൊടുക്കാൻ പാടില്ലായെന്നുള്ളത് നമ്മുടെ സംഘടനയുടെ തീരുമാനമാണെന്ന് CITU സംഘടനാ നേതൃത്വത്തെ അറിയിക്കുകയും അതിൻ പ്രകാരം ട്രാൻസ്ഫർ ഉത്തരവ് തടയപ്പെടുകയും ചെയ്തു. എന്നാൽ സിബിക്കുട്ടി ഫ്രാൻസിന്റെ അവരോചിതമായ ഇടപെടൽമൂലം ട്രാൻസ്ഫർ ലഭിച്ചു എന്നുള്ളത് റിപ്പോർട്ട് കാലയളവിൽ നടന്ന വസ്തുതയാണ്.

**അജണ്ട**

1. വൈദ്യുതി Amendment Bill നെതിരെയുള്ള പ്രതിഷേധം - KSEB യിലുള്ള വിഷയങ്ങളിലും പ്രതികരിക്കാൻ ഇടതു സംഘടനകൾ തയ്യാറായാൽ INEWF ൽ നിന്നും അറിയിപ്പ് ലഭിച്ചാൽ സംയുക്തമായി പ്രതികരിക്കണോ - അതോ ഒറ്റയ്ക്ക് പ്രതികരിക്കണോ - ഇക്കാര്യത്തിൽ INEWF ജനറൽ സെക്രട്ടറിയ്ക്ക് കത്ത് എഴുതേണോ - സംബന്ധിച്ച്.
2. മാസവരി (2017 വർഷം) ഉടൻ എത്തിക്കുന്നത് സംബന്ധിച്ച്. അതത് ഡിവിഷനുകൾ ഡിക്ലറേഷൻ സിസ്റ്റം നടപ്പിലാക്കുന്നോ (വയനാട് മാതൃകയിൽ). മാസവരി ജനുവരി 30 നകം സമാഹരിക്കുന്നത് സംബന്ധിച്ച്.
3. സംഘടനാ വിരുദ്ധ പ്രവർത്തനം നടത്തിയവർക്കെതിരെ അച്ചടക്ക നടപടി സംബന്ധിച്ച്.
4. വനിതാ വേദിയുടെ ചാർജ് കൈമാറുന്നത് സംബന്ധിച്ച്.
5. ഭാവിയിൽ സംഘടനയെ പ്രതിനിധീകരിച്ച് ചർച്ചയിൽ പങ്കെടുക്കുന്നത് സംബന്ധിച്ച്.
6. Welfare fund - Implementation Committee - Expert Committee ഭാരവാഹികൾ നോമിനേഷൻ.
7. എം.എസ്.റാവുത്തർ മെമ്മോറിയൽ ട്രസ്റ്റ് സ്റ്റാഫ് നിയമനം സംബന്ധിച്ച് - നിലവിലുള്ള സ്റ്റാഫിനെ മാറ്റി നിയമിക്കുന്നതിനുള്ള അനുവാദം സംബന്ധിച്ച്.

## പ്രവർത്തന റിപ്പോർട്ട് (27.10.2017to 07.01.2018)

1. സംസ്ഥാന സമ്മേളനത്തിനുവേണ്ടി എറണാകുളത്ത് ചിലവായ (Flex, Notice, etc കഴിഞ്ഞ കമ്മിറ്റിയിൽ അവതരിപ്പിച്ച് പാസ്സാക്കിയ തുക) തുക 26.10.2017 ലെ സ്റ്റേറ്റ് കൗൺസിൽ തീരുമാന പ്രകാരം ശ്രീ.ഷൈജു കേളന്തറ വിഭാഗം നൽകിയ അരിയർ ഫണ്ട് വിഹിതത്തിൽ നിന്നും 163,000/- രൂപ നൽകി ബാദ്ധ്യതകൾ തീർത്തു. ഇതു സംബന്ധിച്ച വൗച്ചറുകൾ ശ്രീ.കെ.എൻ. മോഹനന്റെ കൈവശമുണ്ട്.

2. സമ്മേളനത്തിനായി വാങ്ങിയ ബാഗിനും, സമ്മേളനവുമായി ബന്ധപ്പെട്ട കേസിനും മറ്റും വന്ന ചിലവുകൾ യൂണിയന്റെ തിരുവനന്തപുരത്തെ അക്കൗണ്ടിൽ നിന്നും നൽകി. (വാങ്ങിയ ബാഗുകൾ വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ളതാണ്)

3. ജീവനക്കാരുടെ qualification നുമായി ബന്ധപ്പെട്ട റെഗുലേറ്ററി കമ്മീഷൻ 29.12.2016 ഇറക്കിയ ഉത്തരവിൽ നിലവിലുള്ള ജീവനക്കാരുടെ കാര്യത്തിൽ മാറ്റം വരുത്തേണ്ടാ എന്ന നമ്മുടെ വാദം കമ്മീഷൻ അംഗീകരിച്ചിരുന്നു. ഇത് സ്റ്റേ ചെയ്യുവാൻ Aptel (അപ്പീൽ അതോറിറ്റിയിൽ - ഡൽഹിയിൽ) ഒരു ജീവനക്കാരൻ നൽകിയ അപ്പീലിന് എതിരെ മുൻ കമ്മിറ്റി തീരുമാന പ്രകാരം counter file ചെയ്യുവാനുള്ള വക്കാലത്ത് ഡൽഹിയിലുള്ള അഡ്വക്കേറ്റിന് നൽകി. നവംബർ 27 ന് വച്ചിരുന്ന കേസ് ജനുവരി 31 ലേക്ക് മാറ്റിയത് നമ്മുടെ ഇടപെടൽ മൂലമാണ്. അടുത്തിടെ വർക്കർ - ലൈൻമാൻ, ലൈൻമാൻ - ഓവർസിയർ പ്രമോഷൻ ഉത്തരവ് തടസ്സങ്ങളില്ലാതെ പുറത്തിറങ്ങാൻ സാധിച്ചതും നമ്മുടെ "മേൽ" ഇടപെടൽ മൂലമാണ്.
4. <u>**വൈദ്യുതിഭവൻ ചീഫ് എഞ്ചിനീയർ മാർച്ച്**</u> - ഇടത് സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നിലപാടുകൾക്കെതിരെ നവംബർ 15-ാംതീയതി കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം (വൈദ്യുതിഭവൻ) ചീഫ് എഞ്ചിനീയർ ഓഫീസുകളിലേക്ക് ഒരേ സമയം നടത്തിയ പ്രതിഷേധ മാർച്ച് വൻ വിജയമായിരുന്നു. ഇത് വിജയിപ്പിച്ച എല്ലാവരേയും അഭിനന്ദിക്കുന്നു. തൊഴിലാളി വിരുദ്ധ നിലപാടുകൾ ചൂണ്ടി കാണിച്ച് "പടയണി" നോട്ടീസ് പുറത്തിറക്കി.
5. എം.എസ്. റാവുത്തർ സ്മാരക മന്ദിരത്തിനുവേണ്ടി തയ്യാറാക്കിയതും കഴിഞ്ഞ സ്റ്റേറ്റ് കൗൺസിലിൽ എല്ലാവരും അംഗീകരിച്ചതുമായ പ്ലാൻ തിരുവനന്തപുരം കോർപ്പറേഷനിൽ സമർപ്പിച്ചു. പെർമിറ്റ് ഒരാഴ്ചയ്ക്കകം ലഭിക്കുന്നതാണ്. പണി ഉടൻ തുടങ്ങാവുന്നതാണ്.
6. സംസ്ഥാന സമ്മേളനുവുമായി ബന്ധപ്പെട്ട് കോടതിലുള്ള ഒരു കേസിൽ (Delegates) തീരുമാനം നമുക്ക് അനുകൂലമായിട്ടുണ്ടെങ്കിലും മറ്റൊരു കേസിൽ എതിർ വിഭാഗം അപ്പീൽ നൽകിയിരിക്കുകയാണ്. ഈ കേസ് കോടതി ഫെബ്രുവരിയിൽ പരിഗണനയ്ക്ക് എടുക്കുന്നതാണ്.
7. Member contribution "ചെക്ക്" ഒരു ഡിവിഷൻ കമ്മിറ്റി മാത്രമേ നൽകിയിട്ടുള്ളു.
8. എം.എസ്. റാവുത്തർ ട്രസ്റ്റിന്റെ പേരിൽ നാളിതുവരെ 83,000/- രൂപയോളം ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിച്ചവർക്ക് നൽകിയിട്ടുണ്ട്.

NB: "27.10.2017 മുതൽ 07.01.2018 വരെയുള്ള പ്രവർത്തന റിപ്പോർട്ട് 08.01.2018 ൽ നടന്ന സ്റ്റേറ്റ് കൗൺസിലിൽ സമർപ്പിച്ചുവെങ്കിലും പലർക്കും മേൽ റിപ്പോർട്ട് കിട്ടിയില്ലായെന്നറി ഞ്ഞതിനാൽ വീണ്ടും നൽകുന്നു".

SECRETARY IN CHARGE OF
GENERAL SECRETARY